പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3168 — 10.12.2018-ൽ മറുപടിക്ക്

## കോട്ടിക്കുളം റെയിൽ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ കോട്ടിക്കുളം റെയിൽ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണത്തിന് കിഫ്ബിയിൽ നിന്ന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) കോട്ടിക്കുളം റെയിൽവേ മേൽപ്പാല നിർമ്മാണ പ്രവൃത്തി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആർ.ബി.ഡി.സി.കെ തയ്യാറാക്കിയ വിശദമായ പദ്ധതിരേഖയുടെ അടിസ്ഥാനത്തിൽ 19.60 കോടിയുടെ അംഗീകാരം കിഫ്ബിയിൽ നിന്നും നൽകിയിട്ടുണ്ട്. |
| (ബി) റോഡ്സ് &ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) ഇല്ല. പ്രസ്തുത പദ്ധതി ആർ.ബി.ഡി.സി.കെ-യെ ഏൽപ്പിക്കുമ്പോൾ ബെൽ മൗത്ത് ഒഴികെയുള്ള ഭൂമി ഏറ്റെടുക്കൽ റെയിൽവേ പൂർത്തിയാക്കിയിരുന്നു. റെയിൽവേ ഏറ്റെടുത്ത ഭൂമിയിൽ നിർമ്മാണാനുമതി ലഭിക്കുന്നതിനുവേണ്ടി നിരവധി തവണ RBDCK റെയിൽവേയെ സമീപിച്ചെങ്കിലും നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല. |
| (സി). നിലവിൽ ടെണ്ടർ നടപടി സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) ഉണ്ട്. കോട്ടിക്കുളം റെയിൽവേ മേൽപ്പാലത്തിനായി റെയിൽവേ ഏറ്റെടുത്ത ഭൂമിയിൽ നിർമ്മാണാനുമതി ലഭിച്ചാൽ മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

S. Bindu

സെക്ഷൻ ഓഫീസർ